സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് വെൽഫെയർ ഫണ്ട് (അമെൻഡ്മെന്റ്) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(2) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ കേരള മോട്ടോർ വെഹിക്കിൾസ് ടാക്സേഷൻ (അമെൻഡ്മെന്റ്) ബിൽ

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ കേരള മോട്ടോർ വെഹിക്കിൾസ് ടാക്സേഷൻ (അമെൻഡ്മെന്റ്) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ): സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

ശ്രീ. കെ. പി. രാജേന്ദ്രൻ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ കേരള മോട്ടോർ വെഹിക്കിൾസ് ടാക്സേഷൻ (അമെൻഡ്മെന്റ്) ബിൽ പൊതുജനാഭിപ്രായം തേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. മോട്ടോർ വെഹിക്കിൾസിന്റെ ടാക്സ് പിരിക്കുന്നതിനുവേണ്ടിയുള്ള ഭേദഗതിയാണിത്. ഉടമകളുടെ സംഘടന വളരെ ശക്തമായി ഇതിനെ എതിർത്തിരിക്കുകയാണ്. ഞാൻ ഇത് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഗവൺമെന്റുമായി നടത്തിയ ചർച്ചയിലും പണിമുടക്ക് പ്രഖ്യാപിച്ചതിലും ഡീസലും പെട്രോളും എന്തൊക്കെ പറയുന്നുണ്ടെങ്കിലും വളരെ സ്ട്രൈക്ക് ചെയ്തത് ഈ പോയിന്റിലാണ്. ഇന്നലെ തൃശ്ശൂരിൽ കൂടിയ സംസ്ഥാനയോഗത്തിൽ അടിയും പിടിയും ഉണ്ടായിയെന്നുള്ള വാർത്ത വന്നുവെങ്കിലും അവിടെ ചർച്ച ചെയ്തിരിക്കുന്നതും ഈ വിഷയമാണ്. ഈ ബിൽ പാസ്സാക്കി നിയമമാക്കിയാലും ടാക്സ് പിരിച്ചെടുക്കണമെങ്കിൽ മോട്ടോർ ട്രാൻസ്പോർട്ട് വകുപ്പിൽ വളരെ ശക്തമായ ഇടപെടലുകൾ ഉണ്ടാവണം. തൊഴിൽവകുപ്പ് മാത്രം വിചാരിച്ചതുകൊണ്ടോ ലേബർ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥർ വിചാരിച്ചതുകൊണ്ടോ വെൽഫെയർ ബോർഡിലെ ഉദ്യോഗസ്ഥർ വിചാരിച്ചതുകൊണ്ടോ അംശദായം അവരിൽനിന്നും പിരിച്ചെടുക്കാൻ കഴിയില്ല. അത് ടാക്സിനോടൊപ്പം അടയ്ക്കുന്നതിൽനിന്നു. ഒഴിവാക്കുന്നതിന് നിയമപരമായ കേസ്സെടുക്കാൻ സാദ്ധ്യതയുണ്ട്. രണ്ടാമത് ഈ നിയമത്തിന്റെ ഉദ്ദേശ്യശുദ്ധി നടപ്പിലാക്കണമെന്നുണ്ടെങ്കിൽ, തൊഴിലാളികൾക്ക് ആനുകൂല്യം കിട്ടണമെന്നുണ്ടെങ്കിൽ അംശദായം തടയുന്ന കാര്യത്തിൽക്കൂടി നടപടിക്രമമുണ്ടാകണം. അതാണ് ഞാൻ സൂചിപ്പിക്കാൻ ആഗ്രഹിച്ചത്. 3,72,000 ആട്ടോറിക്ഷകളുണ്ടെന്നാണ് അവസാനം തന്ന കണക്ക്. അവർക്ക് ടാക്സ് കൂച്ചുകൊടുക്കാൻ എന്തെങ്കിലും സാധ്യതയുണ്ടായെന്നുള്ളത് പരിശോധിക്കണം. കാരണം അവർ ഉടമകളല്ല; മിക്കവാറും എല്ലാപേരും വർക്കേഴ്സാണ്. അവരെ ഉടമകളെന്നുള്ള നിലയിൽ കാണാൻ പാടില്ല. തൊഴിലാളികളെന്നെയാണ് വണ്ടിയോടിക്കുന്നതെങ്കിലും അതിൽനിന്ന് കിട്ടുന്ന വരുമാനംകൊണ്ടാണ്. ബാങ്കിൽ നിന്നെടുത്തിട്ടുള്ള വായ്പ അടയ്ക്കുന്നത്. അതു ശ്രദ്ധയിൽപ്പെടുത്താനാണ് ഈ ഭേദഗതി അവതരിപ്പിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസഫ് എം. പുതുശ്ശേരി: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ കേരള മോട്ടോർ വെഹിക്കിൾസ് ടാക്സേഷൻ (അമെൻഡ്മെൻറ്) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ടാക്സ് അടയ്ക്കുമ്പോൾ ക്ഷേമനിധിയിലേക്കുള്ള വിഹിതം കൂടി അടയ്ക്കണമെന്ന ഭേദഗതി വളരെ അഭിനന്ദനം അർഹിക്കുന്നു എന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രിയെ അറിയിക്കുകയാണ്. ഇവിടെ കഴിഞ്ഞ ബില്ലിന്റെ ചർച്ചയിൽ ശ്രീ. ടി. പി. രാമകൃഷ്ണൻ ഒരു കാര്യം സൂചിപ്പിക്കുകയുണ്ടായി. തൊഴിലാളികളുടെ പക്ഷത്തുനിന്ന് പ്രവർത്തിക്കാനുള്ള ഗവൺമെന്റിന്റെ പ്രതിബദ്ധതയാണ് ഈ ബില്ലിലൂടെ വ്യക്തമാകുന്നത്. ഇക്കാര്യത്തിൽ വളരെ ആത്മാർത്ഥമായ സമീപനം സ്വീകരിക്കാൻ ഗവൺമെന്റിന് കഴിഞ്ഞു. ഇവിടെ നേരത്തെയുണ്ടായ വിമർശനം അസ്ഥാനത്താണെന്ന് തെളിയിച്ചു. കാരണം താരശരൂപേണ ആണെങ്കിലും ബഹുമാനപ്പെട്ട മന്ത്രിയെ സംബന്ധിച്ച ഒരു പരാമർശമുണ്ടായി. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൻ യോഗ്യനാണെന്ന് തെളിയിക്കുന്ന പ്രഖ്യാപനമാണ് നടത്തിയിരിക്കുന്നത്. അതിനാൽ ഈ ഭേദഗതിയിലുള്ള പ്രത്യേകമായ അഭിനന്ദനം അറിയിക്കുന്നു.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): ഭേദഗതികളും സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. കെ. പി. രാജേന്ദ്രൻ, അങ്ങയുടെ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. പി. രാജേന്ദ്രൻ: പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി നിരാകരിച്ചിരിക്കുന്നു.

ശ്രീ. ജോസഫ് എം. പുതുശ്ശേരി, അങ്ങയുടെ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ജോസഫ് എം. പുതുശ്ശേരി: പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ കേരള മോട്ടോർ വെഹിക്കിൾസ് ടാക്സേഷൻ (അമെൻഡ്മെൻറ്) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ:

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുത്തിരിക്കുന്നു.

2-ാം വകുപ്പ്

ശ്രീ. ജോസഫ് എം. പുതുശ്ശേരി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

(86) In sub-section (7) of section 4 of the principal Act proposed to be inserted by clause 2 for the words "Notwithstanding anything contained" the words "Notwithstanding anything contrary contained" shall be substituted.

(109) Sub section (8) of section 4 proposed to be inserted by clause 2, the following sub-section shall be substituted, namely:—

"(8) No tax under this Act shall be collected from a person mentioned in sub-section (7) unless the receipt of remittance of contribution towards welfare fund under the Kerala Motor Transport Workers, Welfare Fund Act, 1985 (21 of 1985) is produced."

ശ്രീ. പി. ജെ. ജോയി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(98) In section 4 (7) of the principal Act proposed to be inserted by clause 2 add the following at the end: " or in lieu thereof furnish bank security or such other security as may be prescribed to ensure payment of contribution thereunder"

(102) In section 4 (8) of the principal Act proposed to be inserted by clause 2, after the word "sub-section" brackets and number and before the words "is produced" add the following namely: "or in lieu thereof furnish bank security or such other security as may be prescribed to ensure payment of the contribution thereunder".

ശ്രീ. എം. വി. ജയരാജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(99) After sub section (7) of section 4 of the principal Act proposed to be inserted by clause 2, add a new sub-section as (8) and renumber the existing sub-section (8) as sub-section (9):

"(8) If the registered owner or the person having control of the motor vehicle had paid the vehicle tax in one time, the Taxation Officer should ascertain whether all dues to be paid to the welfare fund were remitted by the registerd owner or the person concerned before they exchanges or sells the vehicle to anybody and any lapse on the] part of the Taxation Officer will be treated as his own liability".

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(101) Sub clause 8 of section 4 of the principal Act proposed to be inserted by clause 2 shall be deleted.

ശ്രീ. സി. മോയിൻകുട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(103) In section 4 (8) of the Principal Act proposed to be inserted by clause 2 at the end of the following shall be added:—" together with an attested copy of the receipt".

LIBRARY ARCHIVES Kerala Legislative Assembly

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): ഭേദഗതികളും സ്വീകാര്യമല്ല.

ശ്രീ. ജോസഫ് എം. പുതുശ്ശേരി അവതരിപ്പിച്ച 86, 109 എന്നീ നമ്പർ ഭേദഗതികളും സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. പി. ജെ. ജോയി അവതരിപ്പിച്ച 98, 102 എന്നീ നമ്പർ ഭേദഗതികളും സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 99-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 101-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. മോയിൻകുട്ടി അവതരിപ്പിച്ച 103-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3-ാം വകുപ്പ്

ശ്രീ. ജോസഫ് എം. പുതുശ്ശേരി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(110) Sub clause (2) of clause 3 shall be recast as follows:—

"(2) Notwithstanding such repeal, anything done or any action taken under the principal Act as amended by section 4 of the said Ordinance shall be deemed to have been done or, taken under the principal Act as amended by this Act".

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): ഭേദഗതി സ്വീകാര്യമല്ല.

ശ്രീ. ജോസഫ് എം. പുതുശ്ശേരി അവതരിപ്പിച്ച 110-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): ശ്രീ. കെ. പി. രാജേന്ദ്രനും, ശ്രീ. ടി. പി. രാമകൃഷ്ണനും, ശ്രീ. എം. വി. ജയരാജനും സംസാരിച്ചതിൽ നിന്ന് ഗവൺമെന്റ് തൊഴിലാളി പക്ഷത്ത് നിൽക്കുന്നുവെന്ന് തെളിയുന്നു. കേരളത്തിലെ 10 ലക്ഷത്തോളം വരുന്ന തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിന് ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. വേജസ് ആക്ട്, ഫെയർ വേജസ് ആക്ട് തുടങ്ങിയ നിയമങ്ങളിൽ വേജസ് എന്താണെന്ന് ഡിഫൈൻ ചെയ്തിട്ടുള്ളതുകൊണ്ട് പ്രത്യേക നിർവചനത്തിന്റെ ആവശ്യമില്ല. ഈ മേഖലയിലെ 10 ലക്ഷത്തോളം

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലാളികളെ സംബന്ധിച്ചിടത്തോളം വമ്പിച്ച ഭാരത്തിന് വിധേയമാകുന്ന ക്ഷേമപ്രവർത്തനങ്ങൾ വളരെ കൂടുതൽ ചെയ്യാൻ കഴിയും. ഏറ്റവും കൂടുതൽ അപകട മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളാണ് മോട്ടോർ വെഹിക്കിൾസ് തൊഴിലാളികൾ. ആട്ടോറിക്ഷയെ സംബന്ധിച്ചിടത്തോളം, സെൽഫ് എംപ്ലോയിഡായിട്ടുള്ളവർക്ക് തുക കുറച്ചാണ് വച്ചിരിക്കുന്നത്. ടാക്സിന്റെ കാര്യം മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ടുമെന്റാണ് കൈകാര്യം ചെയ്യുന്നത്. കഴിഞ്ഞ 3 വർഷത്തെ നിരന്തരമായ ശ്രമങ്ങളുടെ ഫലമായിട്ടാണ് ഈ ബിൽ ഇവിടെ കൊണ്ടുവരാൻ സാധിച്ചത്. ട്രേഡ് യൂണിയന്റെ ഭാഗത്തുനിന്നും തൊഴിലാളികളുടെ ഭാഗത്തുനിന്നും തൊഴിലുടമകളുടെ ഭാഗത്തുനിന്നും ഇക്കാര്യത്തിൽ വളരെ സജീവമായ പങ്കാളിത്തം ഉണ്ടായിട്ടുണ്ട്. സബ്ജക്ട് കമ്മിറ്റി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ വന്ന നിർദ്ദേശങ്ങളാണ്. ഈ അമെൻഡ്മെന്റ് ബില്ലിൽ വന്നിട്ടുള്ളത്. അതുകൊണ്ട് ആശങ്കയ്ക്കൊന്നും വകയില്ല. ഇത് നമ്മുടെ സംസ്ഥാനത്തെ മോട്ടോർ രംഗത്ത് പണിയെടുക്കുന്ന 10 ലക്ഷത്തോളം വരുന്ന തൊഴിലാളികൾക്ക് ഏറ്റവും ഗുണകരമാകുന്ന ക്ഷേമപദ്ധതിയാണ്. അത് നടപ്പിലാക്കണം. ഇതിന് വിലപ്പെട്ട നിർദ്ദേശങ്ങൾ നൽകി സഹായിച്ച എല്ലാ മെമ്പർമാരോടും നന്ദി അറിയിച്ചുകൊണ്ട് ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

2005-ലെ കേരള മോട്ടോർ വെഹിക്കിൾസ് ടാക്സേഷൻ (അമെൻഡ്മെന്റ്) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(3) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2005-ലെ കോവളം കൊട്ടാരം (ഡീണ്ടെടുക്കൽ വഴി ഏറ്റെടുക്കൽ) ബിൽ

വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ കോവളം കൊട്ടാരം (ഡീണ്ടെടുക്കൽ വഴി ഏറ്റെടുക്കൽ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. സി. ജോസഫ്: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ കോവളം കൊട്ടാരം (ഡീണ്ടെടുക്കൽ വഴി ഏറ്റെടുക്കൽ) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഈ ഗവൺമെന്റിന്റെ ദൃഢനിശ്ചയവും ഇച്ഛാശക്തിയുമാണ് ഈ ബില്ലിൽ അവലംബിച്ചിരിക്കുന്നത്. മലയാളികളെ സംബന്ധിച്ചിടത്തോളം വളരെയേറെ ഉൽകണ്ഠയുണ്ടായ വിഷയമാണ് കോവളം കൊട്ടാരത്തിന്റെ തൈമാറ്റം. ഇതുമായി ബന്ധപ്പെട്ട് ധാരാളം ദുരൂഹതകൾ ഇപ്പോഴും സംസ്ഥാനത്ത് നിലനിൽക്കുന്നുണ്ട്. ബി.ജെ.പി. ഗവൺമെന്റ് അധികാരത്തിലിരുന്ന കാലഘട്ടത്തിൽ നടപ്പിലാക്കിയ ഡിസ് ഇൻവെസ്റ്റ്മെന്റ് പോളിസിയുടെ ഭാഗമായിട്ടാണ് കോവളം കൊട്ടാരം കൈമാറാനുള്ള സാഹചര്യമുണ്ടായത്. ബി.ജെ.പി. ഗവൺമെന്റിന്റെ ആ നയത്തിന്റെ പിന്നിലുള്ള വ്യാപകമായ അഴിമതികളുടെ കഥകൾ ഇന്നും പുറത്തുവന്നുകൊണ്ടിരിക്കുകയാണ്. ബോംബെയിലെ സെൻറൂർ ഹോട്ടൽ കൈമാറുന്നത് സംബന്ധിച്ച് ഇന്ന് സി.ബി.ഐ. അന്വേഷണ.

LIBRARY ARCHIVES Kerala Legislative Assembly